2026
AUGUST
29
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






## ബാറ്ററി ഭാഗങ്ങളുടെ ഉത്പാദനം

# 13,000 കോടിയുടെ ഇൻസന്റീവുമായി കേന്ദ്രം

**ന്യൂദൽഹി:** ഇന്ത്യയിലെ അഡ്വാൻസ്ഡ് ബാറ്ററി സെൽ ഘടക നിർമാതാക്കൾക്കായി ഏകദേശം 13,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പുതിയ ഇൻസന്റീവ് പ്രോഗ്രാം നടപ്പിലാക്കാൻ രാജ്യം ഒരുങ്ങുന്നു. ചൈനീസ് നിർമാതാക്കളുമായുള്ള ഉത്പാദനച്ചെലവിലെ വലിയ വിടവ് കുറയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണിതെന്ന് ഇതുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ വ്യക്തമാക്കുന്നു.

വൈദ്യുത വാഹനങ്ങളിലും ഊർജ സംഭരണ സംവിധാനങ്ങളിലും ഉപയോഗിക്കുന്ന ബാറ്ററി സെല്ലുകൾ നിർമിക്കുന്നതിനായി ഇന്ത്യ നിലവിൽ സബ്സിഡികൾ നൽകുന്നുണ്ട്. എന്നാൽ, രാജ്യത്തെആദ്യഘട്ട ബാറ്ററി നിർമാതാക്കൾ വിതരണ ശൃംഖലയൽ വിവിധ തടസങ്ങൾ നേരിടുന്നുണ്ട്. അതുകൊണ്ടാണ് സെല്ലുകളിൽ ഉപയോഗിക്കുന്ന ഘടകങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ ഇപ്പോൾ ശ്രമിക്കുന്നത്.

പ്രാദേശികമായി ബാറ്ററി വിതരണ ശൃംഖല ശക്തമാക്കുന്നതിലൂടെ രാജ്യത്തിൻറെ ഊർജ സുരക്ഷ മെച്ചപ്പെടുത്തുകയാണ് ഈ സാമ്പത്തിക സഹായ പദ്ധതിയുടെ ലക്ഷ്യം. ഇതിനെ ഒരു തന്ത്രപ്രധാന മുൻഗണനയായാണ് സർക്കാർ കാണുന്നത്. ആഗോളതലത്തിൽ ബാറ്ററി ഉത്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ചൈനയിൽ നിന്നുള്ള വിലകുറഞ്ഞ ബാറ്ററികളോട് മത്സരിക്കാൻ ആഭ്യന്തര വ്യവസായ

ആനോഡ്, കാഥോഡ് ആക്ടീവ് സാമഗ്രികൾ, ഇലക്ട്രോലൈറ്റുകൾ, സെപ്പറേറ്റർ ഫിലിം, കോപ്പർ ഫോയിൽ എന്നീ അഞ്ച് പ്രധാന ബാറ്ററി ഘടകങ്ങൾക്കാണ് നിർദിഷ്ട പ്രോത്സാഹന ആനുകൂല്യങ്ങൾ ലഭിക്കുക. ഇന്ത്യയിലെ ഭൂരിഭാഗം ബാറ്ററി നിർമാതാക്കളും നിലവിൽ ഈ ഘടകങ്ങൾ ചൈനീസ് വിതരണക്കാരിൽ നിന്നാണ് വാങ്ങുന്നത്. ഇത് സാമ്പത്തികമായും ഭൗമരാഷ്ട്രീയപരവുമായ എതിരാളിയെ അമിതമായി ആശ്രയിക്കുന്ന സാഹചര്യമുണ്ടാക്കുകയാണ് ചെയ്യുന്നത്.ഈ വിഷയത്തിൽ ഇന്ത്യയുടെ ഘന വ്യവസായ മന്ത്രാലയം പ്രതികരിച്ചിട്ടില്ല.

ഗിഗാ സ്കെയിൽ സെൽ നിർമാണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന കമ്പനികൾ സ്ഥാപിക്കുന്ന കമ്പനികൾക്ക് ആനുകൂല്യം നൽകുന്ന നിലവിലുള്ള 50 ഗിഗാവാട്ട്അവർ (ഏണവ) അഡ്വാൻസ്ഡ് ബാറ്ററി ഇൻസൻറീവ് പ്രോഗ്രാമിന്റെ തുടർച്ചയായാണ് പുതിയ പദ്ധതി. ഘന മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ മാർച്ച് വരെ, മുകേഷ് അംബാനിയുടെ പുനരുപയോഗ ഊർജ വിഭാഗം, ഒല ഇലക്ട്രിക് മൊബിലിറ്റി ലിമിറ്റഡ് എന്നിവരുൾപ്പെടെയുള്ള അപേക്ഷകർക്കായി 40 ഏണവ ശേഷി മാത്രമാണ് അനുവദിച്ചത്.

എന്നാൽ, സാങ്കേതികവിദ്യയുടെ അഭാവം, വിദഗ്ധ തൊഴിലാളികളുടെ കുറവ്, ഇറക്കുമതി ചെയ്യേണ്ട നിർണായക ഉപകരണങ്ങളുടെ തടസം അല്ലെങ്കിൽ ഘടകങ്ങളുടെ ലഭ്യതയില്ലായ്മ എന്നിവ കാരണം പദ്ധതിയിൽ സബ്സിഡി ലഭിച്ചവർക്ക് ഉത്പാദന നാഴികക്കല്ലുകൾ കൈവരിക്കുന്നതിൽ താമസം നേരിട്ടതായി ഫെബ്രുവരി 10ലെ പ്രസ്താവനയിൽ മന്ത്രാലയം വ്യക്തമാക്കി.

ഒല ഇലക്ട്രിക് അടുത്തിടെയാണ് പരിമിതമായ തോതിൽ സെൽ നിർമാണം ആരംഭിച്ചത്. ഇത് ഏകദേശം ഏകദേശം 6 ഏണവ ശേഷിയിലേക്ക് ഉയർത്താമെന്നാണ് കമ്പനി പ്രതീക്ഷിക്കുന്നത്. ടാറ്റ ഗ്രൂപ്പ്, ബാറ്ററി നിർമാണ രംഗത്തെ പരിചയസമ്പന്നരായ എക്സൈഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, അമര രാജ എനർജി & മൊബിലിറ്റി ലിമിറ്റഡ് തുടങ്ങിയ കമ്പനികൾ ഭാവിയിലെ ആവശ്യകത മുൻനിർത്തി സെൽ നിർമാണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നുണ്ട്, എങ്കിലും ഇവർ സർക്കാർ സഹായ പദ്ധതിക്ക് പുറത്താണ് പ്രവർത്തിക്കുന്നത്.

# പലിശ താരതമ്യം ചെയ്ത് കുറഞ്ഞ ചെലവിൽ ഇനി വായ്പയെടുക്കാം; പുതിയ വ്യവസ്ഥകളുമായി ആർ.ബി.ഐ

**മുംബൈ:** വീടുവെക്കാനോ ബിസിനസ് ആവശ്യങ്ങൾക്കോ വായ്പ തേടിയിറങ്ങുമ്പോൾ ഏത് ധനകാര്യ സ്ഥാപനത്തിലാണ് കുറഞ്ഞ പലിശയെന്ന് കണ്ടെത്തുക പ്രയാസമാണ്. ബാങ്കുകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും നൽകുന്ന ഓഫറുകൾ താരതമ്യം ചെയ്തുവേണം വായ്പ തിരഞ്ഞെടുക്കാൻ. എന്നാൽ, ആകർഷകമായ പലിശനിരക്കുകൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന ചാർജുകളും സങ്കീർണമായ പലിശഘടനകളും കാരണം ലാഭകരമായത് കണ്ടെത്തുക എളുപ്പമല്ല.

ഈ ആശയക്കുഴപ്പം പരിഹരിക്കാൻ സുതാര്യമായ നടപടിക്രമങ്ങൾ അവതരിപ്പിക്കുകയാണ് റിസർവ് ബാങ്ക്. ഇകോമേഴ്സ് ഉത്പന്നങ്ങളുടെ വിലയും ഗുണനിലവാരവും താരതമ്യം ചെയ്യുന്നതുപോലെ എളുപ്പത്തിൽ ലോണുകൾ തിരഞ്ഞെടുക്കുകയാണ് ലക്ഷ്യം. അടുത്തവർഷം ഏപ്രിൽ മുതലാണ് പുതിയ വ്യവസ്ഥകൾ നടപ്പിൽവരിക.

ബാങ്കുകളും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും (എൻ.ബി.എഫ്.സി.) നിലവിൽ വായ്പാ പലിശ നിശ്ചയിക്കുന്നത് വ്യത്യസ്ത രീതികളിലാണ്. ബാങ്കുകൾ സാധാരണയായി റിപ്പോ നിരക്ക് പോലുള്ളവയെ ആശ്രയിക്കുമ്പോൾ, ബാങ്കിതര ധനകാര്യ സ്ഥാപനങ്ങൾ പലപ്പോഴും സ്വന്തമായി തയ്യാറാക്കിയ വ്യവസ്ഥകൾ അനുസരിച്ചാണ് പലിശ നിർണയിക്കുന്നത്. ഇതുമൂലം സുതാര്യത കുറയുകയും വായ്പകൾ തമ്മിൽ താരതമ്യം ചെയ്യുന്നത് അസാധ്യമാവുകയും ചെയ്യുന്നു.

ഫ്ളോട്ടിങ് നിരക്കിലുള്ള വായ്പകളിൽ പ്രധാനമായും രണ്ട് ഘടനകളാണുള്ളത്: ബാഹ്യ ബെഞ്ച്മാർക്ക് നിരക്കും സ്പ്രെഡും. ആർ.ബി.ഐ.യുടെ റിപ്പോ ഉൾപ്പെടെയുള്ളവ അടിസ്ഥാനമാക്കിയാണ് ബെഞ്ച്മാർക്ക് നിരക്ക് നിശ്ചയിക്കുന്നത്. എന്നാൽ പ്രവർത്തനച്ചെലവ്, ക്രെഡിറ്റ് റിസ്ക് പ്രീമിയം, ബിസിനസ് തന്ത്രങ്ങൾ എന്നിവയാണ് സ്പ്രെഡിന് അടിസ്ഥാനം.

സ്പ്രെഡിലെ പ്രവർത്തനച്ചെലവുകൾ ഉൾപ്പെടെയുള്ള 'നോൺ ക്രെഡിറ്റ് റിസ്ക്' ഭാഗങ്ങൾ മൂന്നുവർഷത്തേക്ക് മാറ്റമില്ലാതെ നിലനിർത്തണമെന്നാണ് പുതിയ വ്യവസ്ഥയിലെ പ്രധാന നിർദേശം. വായ്പയെടുത്ത വ്യക്തിയുടെ ക്രെഡിറ്റ് പ്രൊഫൈലിലോ സിബിൽ സ്കോറിലോ കാര്യമായ മാറ്റമുണ്ടായാൽ ബാങ്കിന് 'ക്രെഡിറ്റ് റിസ്ക് പ്രീമിയം' പുനഃപരിശോധിക്കാനും മാറ്റം വരുത്താനും അധികാരമുണ്ടായിരിക്കും.

ബാങ്കുകൾ, എൻ.ബി.എഫ്.സി.കൾ, സഹകരണ ബാങ്കുകൾ എന്നിവയുൾപ്പെടെ ആർ.ബി.ഐ.യുടെ കീഴിലുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും ഏകീകൃത മാനദണ്ഡങ്ങൾ നിലവിൽവരും.

പലിശയും പ്രോസസിങ് ഫീയുമടക്കം ഒരു വായ്പയുടെ ആകെ വാർഷികച്ചെലവാണ് വാർഷിക ശതമാന നിരക്ക് . കുറഞ്ഞ പലിശ വാഗ്ദാനം ചെയ്ത് ഉയർന്ന പ്രോസസിങ് ഫീസും മറ്റ് ചാർജുകളും ഈടാക്കുന്ന രീതി ഡിജിറ്റൽ ഫിൻടെക് ആപ്പുകൾ നടത്താറുണ്ട്. ഇത് പലപ്പോഴും ഇടപാടുകാരെ കെണിയിലാക്കും. ഇത്തരം തട്ടിപ്പുകൾ തടയാൻ 50,000 രൂപ വരെയുള്ള വ്യക്തിഗത വായ്പകൾക്ക് ബോർഡ് അംഗീകൃത എ.പി.ആർ. പരിധി നിശ്ചയിക്കാൻ റിസർവ് ബാങ്ക് (ആർ.ബി.ഐ.) നിർദേശിച്ചു. ഡിജിറ്റൽ വായ്പാ സ്ഥാപനങ്ങൾ അന്യായമായ നിരക്കുകൾ ഈടാക്കുന്നത് തടയാൻ ഈ തീരുമാനം ഉപകരിക്കും.





# കെനിയയിലേക്കുള്ള പെട്രോളിയം കയറ്റുമതി: സൗദിയെയും യു.എ.ഇ.യെയും മറികടന്ന് ഇന്ത്യ

**ന്യൂദൽഹി:** സൗദി അറേബ്യയെയും യു.എ.ഇ.യെയും മറികടന്ന് കെനിയയിലേക്കുള്ള ഏറ്റവും വലിയ പെട്രോളിയം വിതരണക്കാരായി ഇന്ത്യ മാറി. പശ്ചിമേഷ്യയിലെ സംഘർഷം മൂലം വിതരണത്തിലുണ്ടായ തടസ്സവും ആഗോള വ്യാപാര പാതകളിലെ മാറ്റവുമാണ് കാരണം. ജൂലായിലെ കണക്കുകൾ പ്രകാരം ഇന്ത്യയിൽനിന്നുള്ള പെട്രോളിയം കയറ്റുമതിയിൽ വൻ വർധന രേഖപ്പെടുത്തി.

പരമ്പരാഗതമായി കെനിയക്ക് ഇന്ധനം നൽകിയിരുന്ന സൗദി അരാംകോ, അബുദാബിയിലെ എഡിഎൻഒസി, എമിറേറ്റ്സ് നാഷണൽ ഓയിൽ കമ്പനി എന്നിവയെ മറികടന്നാണ് ഇന്ത്യ ഒന്നാമതെത്തിയത്.

യു.എ.ഇ.യിൽനിന്നുള്ള പെട്രോളിയം കയറ്റുമതിയിൽ വലിയ ഇടിവുണ്ടായി. ജനുവരിയിൽ പ്രതിദിനം 90,000 ബാരലായിരുന്നത് ഓഗസ്റ്റ് ആയപ്പോഴേക്കും 15,000 ബാരലായി കുറഞ്ഞു.

കെനിയയിലേക്കുള്ള ഇന്ത്യയുടെ ആകെ കയറ്റുമതി മൂല്യത്തിൽ കഴിഞ്ഞ ജൂലൈയിൽ 151.41 ശതമാനം വർധനയുണ്ടായി. ഇന്ത്യയുടെ ഏറ്റവും വേഗത്തിൽ വളരുന്ന അഞ്ച് കയറ്റുമതി ലക്ഷ്യസ്ഥാനങ്ങളിലൊന്നായി കെനിയ മാറി.



റഷ്യൻ ക്രൂഡ് ഓയിൽ ഉപയോഗിച്ച് മറ്റ് രാജ്യങ്ങളിൽ ശുദ്ധീകരിക്കുന്ന ഉത്പന്നങ്ങൾക്ക് യൂറോപ്യൻ യൂണിയൻ നിരോധനം ഏർപ്പെടുത്തിയതോടെ, ഇന്ത്യൻ ഉത്പന്നങ്ങൾ ആഫ്രിക്കൻ വിപണിയിലേക്ക് വഴിതിരിച്ചുവിട്ടു.

ഇന്ത്യയുടെ കരുത്തുറ്റ ശുദ്ധീകരണ ശൃംഖലയാണ് പെട്രോളിയം രംഗത്തെ പുതിയ നേട്ടത്തിന് പിന്നിൽ. ലോകത്തിലെ നാലാമത്തെയും ഏഷ്യയിലെ രണ്ടാമത്തെയും വലിയ എണ്ണ ശുദ്ധീകരണ രാജ്യമാണ് ഇന്ത്യ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പരിസ്ഥിതിലോല മേഖല വിജ്ഞാപനത്തിൽ പത്തനംതിട്ട ജില്ലയിലെ 7 വില്ലേജുകൾ

**പത്തനംതിട്ട:** പശ്ചിമഘട്ട പരിസ്ഥിതിലോല മേഖല സംബന്ധിച്ച കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഏഴാമതു വിജ്ഞാപനത്തിലും ജില്ലയിലെ ഏഴു വില്ലേജുകൾ ഉൾപ്പെട്ടു. കോന്നി താലൂക്കിലെ ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, തണ്ണിത്തോട് വില്ലേജുകളും റാന്നി താലൂക്കിലെ വടശേരിക്കര, പെരുനാട്, കൊല്ലമുള വില്ലേജുകളും ആണു പരിസ്ഥിതിലോല മേഖലകളായി വിജ്ഞാപനത്തിൽ ഉൾപ്പെട്ടത്.

തലമുറകളായി ഈ വില്ലേജുകളിൽ താമസിക്കുന്നവരും കൃഷി ചെയ്യുന്നവരും ഉൾപ്പെടെ ആയിരക്കണക്കിനു കുടുംബങ്ങൾ ഇതോടെ ആശങ്കയിലായി. ജനവാസമേഖലകളും കൃഷി ഭൂമികളും പൂർണമായി ഒഴിവാക്കണമെന്നു ജനങ്ങൾ ആവശ്യപ്പെടുന്നതിനിടെയാണു പുതിയ വിജ്ഞാപനത്തിലും വില്ലേജുകൾ ഉൾപ്പെട്ടത്.



വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ പരിധിയിലെങ്കിലും പരിസ്ഥിതി ലോല മേഖല വേണമെന്നതു കൊല്ലമുള, പെരുനാട് വില്ലേജുകളിൽപെട്ട ജനങ്ങളെ പ്രതികൂലമായി ബാധിക്കും. രണ്ടു വില്ലേജുകളും പെരിയാർ വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ടു കിടക്കുന്നതു കാരണമാണിത്. ശബരിമല പൂങ്കാവനത്തോടു ചേർന്ന വനമേഖലയാണു പെരിയാർ കടുവ സങ്കേതത്തിൽ ഉൾപ്പെടുന്നത്.

കൊല്ലമുള വില്ലേജിലെ അരയാഞ്ഞിലിമണ്ണ്, കുരുമ്പൻമൂഴി, മണക്കയം, പമ്പാവാലി എന്നീ പ്രദേശങ്ങൾ ശബരിമല പൂങ്കാവനത്തോടു ചേർന്നു കിടക്കുന്നവയാണ്. പെരുനാട് പഞ്ചായത്തിലെ അട്ടത്തോട് മേഖലയെയാണ് ഇതു സാരമായി ബാധിക്കുക. പെരിയാർ കുവ സങ്കേതത്തോടു ചേർന്നു കിടക്കുന്ന പ്രദേശമാണിത്. ശബരിമലയും പമ്പയും ഇതിൽ ഉൾപ്പെടും. ഇവിടം പരിസ്ഥിതിലോല മേഖലയാക്കുന്നതു ശബരിമലയുടെയും പമ്പയുടെയും വികസനത്തെ സാരമായി ബാധിച്ചേക്കും.

ജില്ലയിൽ വനമുള്ളതും വന്യമൃഗശല്യം രൂക്ഷമായതുമായ വില്ലേജുകളാണു പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടത്. എങ്കിലും ജനവാസ കേന്ദ്രങ്ങൾ ഇതിൽ ഉൾപ്പെട്ടതിനെതിരെ വർഷങ്ങളായി പ്രതിഷേധം ഉയരുന്നുണ്ട്.

ബഫർസോൺ പരിധിയിൽനിന്നു കൈവശഭൂമിയെ ഒഴിവാക്കിയില്ലെങ്കിൽ കൃഷി ചെയ്യാൻ രാസവളമോ കീടനാശിനിയോ ഉപയോഗിക്കാനാകാതെ വരും. മണ്ണിളക്കി കപ്പ, കാച്ചിൽ, ചേന, ചേമ്പ് എന്നിവ കൃഷി ചെയ്യാനാകില്ല.

30% ചരിവുള്ള പ്രദേശങ്ങളിൽ കൃഷി ഇറക്കാനേയാകില്ല. മരം മുറിക്കാനുമാകില്ല.

അടിസ്ഥാന സൗകര്യ വികസനത്തിനും ഇതു പ്രതിസന്ധിയാകുമെന്നാണ് ആശങ്ക.



# ഗതാഗതക്കുരുക്കില്ലാതെ കോഴിക്കോട് നഗരത്തിൽ ഓണക്കാലം: പൈലറ്റ് പ്രോജക്ട് വിജയം

**കോഴിക്കോട്:** നഗരത്തിന് ഇത്തവണ ഗതാഗതക്കുരുക്കിൽ വീർപ്പുമുട്ടാത്ത ഓണക്കാലം. വാഹനക്കുരുക്ക് അഴിക്കാൻ കമ്മിഷണറുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പൈലറ്റ് പ്രോജക്ടാണ് നഗരത്തിന് ആശ്വാസമായത്. പദ്ധതി വിജയിച്ചതോടെ അനധികൃത പാർക്കിങ് നിരോധനവും ഡ്രൈവർ മാത്രമുള്ള കാറുകൾക്ക് നഗരാതിർത്തിക്കുള്ളിലെ നിരോധനവും ഓണക്കാലത്തിനു ശേഷവും തുടരും. സാധാരണ ദിവസങ്ങളിൽ പോലും ഗതാഗതക്കുരുക്കിൽ മുങ്ങുന്നതായിരുന്നു കോഴിക്കോട്ടെ സ്ഥിതി. അതു മുന്നിൽ കണ്ടാണ് ഓണക്കാലത്ത് പൊലീസിന്റെ ഇടപെടൽ.

ഓണ അവധി തുടങ്ങിയ ശനിയാഴ്ച മുതൽ നഗരത്തിൽ അനധികൃത പാർക്കിങ് കർശനമായി നിരോധിച്ചു. പാർക്ക് ചെയ്യാൻ കഴിയുന്ന സ്ഥലങ്ങൾ പൊലീസ് തന്നെ കണ്ടെത്തി അറിയിച്ചു. നിർദേശങ്ങൾ ലംഘിച്ചവർക്കെതിരെ നടപടിയെടുത്തു. ഡ്രോൺ ഉപയോഗിച്ചുള്ള കർശനമായ നിരീക്ഷണവും വാഹന നിയന്ത്രണത്തിനു കൂടുതൽ സുരക്ഷ ഉദ്യോഗസ്ഥരും സജ്ജമായതോടെ നഗരം അധികം കുരുങ്ങാതെ രക്ഷപ്പെട്ടു.

പൈലറ്റ് പ്രോജക്ടായി നടപ്പാക്കിയ പദ്ധതി വിജയിച്ചതോടെ ഓണക്കാലത്തിനുശേഷവും അനധികൃത പാർക്കിങ് നിരോധനമടക്കം തുടരുമെന്ന് കമ്മിഷണർ എ.പി. ഷൗക്കത്തലി പറഞ്ഞു. നാലു ദിവസത്തിനിടെ അനധികൃതമായി പാർക്ക് ചെയ്ത നൂറിലധികം വാഹനങ്ങൾക്കെതിരെ നടപടിയെടുത്തു. ട്രാഫിക് എസിപി പി.സി. ചാക്കോയ്ക്കായിരുന്നു പദ്ധതി ചുമതല. കുരുക്കില്ലാത്ത കോഴിക്കോടിന് ജനങ്ങളും പിന്തുണ നൽകിയത് പൊലീസിനും ആവേശമായിട്ടുണ്ട്.





# റങ്കൂൺ ക്രീപ്പർ തദ്ദേശീയ സസ്യങ്ങളുടെ അന്തകൻ



പൂക്കളുടെ ഭംഗിയും മനം കവരുന്ന സുഗന്ധവും കൊണ്ട് സസ്യപ്രേമികളുടെ ഹൃദയം കീഴട ക്കിയ വള്ളിച്ചെടിയാണ് റങ്കൂൺ ക്രീപ്പർ . യശോദപ്പൂവ്, തൂക്കുചെത്തി എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ ചെടിയുടെ പൂക്കൾ വിരിയുമ്പോൾ വെള്ള നിറമായും, പിന്നീട് ഇളം പിങ്കായും ഒടുവിൽ കടുംചുവപ്പായും മാറുന്നതിനാൽ ഒരേ പൂങ്കുലയിൽ തന്നെ വ്യത്യസ്ത നിറങ്ങളിലുള്ള പൂക്കൾ ഒരേസമയം കാണാൻ സാധിക്കും. കാറ്റിൽ കുലകളായി തൂങ്ങിനിൽക്കുന്ന ഈ വർണപ്പൂക്കൾ കണ്ണിനിമ്പമേകും കാഴ്ച തന്നെ. സുഗന്ധത്തിലും മറ്റു പൂക്കളേക്കാൾ ഒരു പടി മുന്നിലാണ് റങ്കൂൺ ക്രീപ്പർ. സന്ധ്യയ്ക്കു വിരിയുന്ന വെളുത്ത പൂക്കൾ നിശാശലഭങ്ങളെയും, പിന്നീട് പിങ്ക് നിറത്തിലേക്ക് മാറുമ്പോൾ തേനീച്ചകളെയും ചിത്രശലഭങ്ങളെയും, ചുവപ്പാകുന്നതോടെ തേൻ കുരുവികളെയും ആകർഷിക്കുന്നു. പൂവിന്റെ നിറം മാറുന്നതിനനുസരിച്ച് വ്യത്യസ്ത പരാഗണജീവികളെ ആകർഷിക്കുന്ന ഈ സവിശേഷത പരാഗണവും വിത്തുൽപാദനവും വർധിപ്പിക്കുന്നു. തെക്കുകിഴക്കൻ ഏഷ്യയാണ് റങ്കൂൺ ക്രീപ്പറിന്റെ ജന്മദേശം. ബർമ (മ്യാൻമർ)യുടെ മുൻ തലസ്ഥാനമായ റങ്കൂണിൽനിന്നാണ് ഈ പേര് ലഭിച്ചത്.

ഇന്ന് ലോകമെമ്പാടും അലങ്കാര വള്ളിച്ചെടിയായി ഇവ പ്രചാരത്തിലായിട്ടുണ്ട്. കേരളത്തിലെ ചൂടും മഴയും, നീർവാർച്ചയുള്ള മണ്ണും ഈ ചെടിയുടെ വളർച്ചയ്ക്ക് അനുകൂലം. നമ്മുടെ പൂന്തോട്ടങ്ങളിലും വീട്ടു മുറ്റങ്ങളിലും ബാൽക്കണികളിലുമെല്ലാം ഈ ചെടി വ്യാപകമായി നട്ടുവളർത്തുന്നുണ്ട്. പൂക്കൾ മനോഹരമാണെങ്കിലും ഈ അലങ്കാരസസ്യത്തിന്റെ പ്രകൃതം അത്ര മനോഹരമല്ല. അതിവേഗത്തിൽ വളരുന്ന ഈ വള്ളി മതിലുകളിലും വേലികളിലും മരങ്ങളിലുമെല്ലാം കയറിപ്പിടിച്ച് അവയെ മൂടുന്നു. വെളിച്ചത്തിനും, വെള്ളത്തിനും, പോഷകങ്ങൾക്കും വേണ്ടിയുള്ള മത്സരത്തിൽ തദ്ദേശീയ സസ്യങ്ങളെ പിന്നിലാക്കുകയും അവയുടെ വളർച്ച തടസ്സപ്പെടുത്തു കയും ചെയ്യുന്നു. ഇതുവഴി പ്രകൃതിദത്ത സസ്യ ആവാസ ഘടനയിൽ മാറ്റം വരികയും ജൈവ വൈവിധ്യത്തിനു കോട്ടമുണ്ടാകുകയും ചെയ്യുന്നു. തോട്ടങ്ങളിൽ നിന്ന് മുറിച്ചുമാറ്റുന്ന തണ്ടുകളോ വേരുകളോ ശരിയായ രീതിയിൽ സംസ്കരിക്കാതെ ഉപേക്ഷിച്ചാലും അവയിൽനിന്ന് പുതിയ ചെടികൾ പെട്ടെന്നുതന്നെ മുളച്ചു വരും.

ഈ ചെടിയുടെ പഴങ്ങളിൽ ധാരാളം വിത്തുകൾ ഉള്ളതിനാൽ വിത്തുവഴിയുള്ള പ്രജനനവും കൂടുതലായി നടക്കും. ഒരിക്കൽ പ്രകൃതിദത്ത ആവാസവ്യവസ്ഥയിൽ ഉറച്ചാൽ ഈ സസ്യത്തെ പൂർണമായും ഇല്ലാതാക്കുക പ്രയാസകരമാണ്.

ഇടതൂർന്നു വളരുന്ന ഇവയുടെ വള്ളികൾ തദ്ദേശീയ സസ്യങ്ങളുടെ വിത്തുകൾ മുളയ്ക്കുന്നത് തടയുകയും ഔഷധസസ്യങ്ങൾ, കുറ്റിച്ചെടികൾ, മറ്റു വള്ളികൾ എന്നിവയെ ക്രമേണ ഇല്ലാതാക്കുകയും ചെയ്യും. അതിനാൽ റങ്കൂൺ ക്രീപ്പർ വളർത്തുമ്പോൾ ചില മുൻകരുതലുകൾ എടുക്കുന്നതു കാളാം.

കൃത്യമായ ഇടവേളക ളിൽ വെട്ടി നിയന്ത്രിക്കുക, മറ്റു മരങ്ങളിലേക്കോ പ്രദേശങ്ങളിലേക്കോ പടരുന്നതു തടയുക, മുറിച്ചുമാറ്റുന്ന സസ്യാവശിഷ്ടങ്ങൾ തീർത്തും നശിപ്പിക്കുക. വനപ്രദേശങ്ങൾക്കും മറ്റു ദുർബല ആവാസവ്യവസ്ഥകൾക്കും സമീപം ഈ ചെടി നട്ടുപിടിപ്പിക്കുന്നത് നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

# ഇന്ത്യൻ വിപണി കീഴടക്കി ദുരിയാൻ

ഇന്ത്യയിലെ ആഡംബര ഫ്രൂട്ട് വിപണിയിൽ ഇപ്പോൾ ചർച്ചാവിഷയം ഒരു വിദേശിയാണ്-ദുരിയാൻ. തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സ്വന്തമായ ഈ പഴം അതിന്റെ വിചിത്രമായ സവിശേഷതകൾ കൊണ്ട് ഭക്ഷണപ്രേമികൾക്കിടയിൽ വലിയ കൗതുകമാണ് ഉണർത്തുന്നത്. ഒരേ സമയം ആളുകളെ ആകർഷിക്കുകയും അതേസമയം തന്നെ അകറ്റിനിർത്തുകയും ചെയ്യുന്ന ഈ പഴം ഇപ്പോൾ ഇന്ത്യൻ സൂപ്പർമാർക്കറ്റുകളിലും സജീവ സാന്നിധ്യമായി മാറിക്കൊണ്ടിരിക്കുകയാണ്.

വ്യത്യസ്തമായ ഗന്ധത്തിനും അതുല്യമായ രുചിക്കും പേരുകേട്ടതാണ് ദുരിയാൻ. ചിലർക്ക് ഇത് അമൃതിനു തുല്യമാണെങ്കിൽ, മറ്റുചിലർക്ക് ഇത് വെറുപ്പുളവാക്കുന്ന ഒന്നാണ്. ഈ പഴത്തിന്റെ രൂക്ഷഗന്ധം ലോകപ്രശസ്തമാണ്. ചീഞ്ഞ ഉള്ളി, ടർപേന്റൈൻ, അഴുക്കായ ജിം സോക്സുകൾ എന്നിവയുടെയൊക്കെ ഒരു മിശ്രിതത്തോടാണ് ഇതിന്റെ മണത്തെ പലരും ഉപമിക്കുന്നത്. ഈ അമിത ദുർഗന്ധം കാരണം സിംഗപ്പൂർ ഉൾപ്പെടെയുള്ള പല രാജ്യങ്ങളിലും പൊതുസ്ഥലങ്ങളിൽ ദുരിയാൻ കൊണ്ടുവരുന്നത് നിരോധിച്ചിട്ടുണ്ട്.

എന്നാൽ, ഈ കടുത്ത മണം സഹിക്കാൻ തയാറായവർക്ക് ദുരിയാൻ സമ്മാനിക്കുന്നത് തികച്ചും വ്യത്യസ്തമായ ഒരു അനുഭവമാണ്. മധുരമുള്ള ബദാം കസ്റ്റാർഡിന്റെയും കാരമലൈസ് ചെയ്ത ഉള്ളിയുടെയും മിശ്രിതം പോലെയുള്ള രുചിയും, വെണ്ണ പോലെയുള്ള ക്രീം ഘടനയുമാണ് ഈ പഴത്തിനുള്ളത്. ദുരിയാൻ പച്ചയ്ക്ക് കഴിക്കാനും, സ്മൂത്തികളിൽ ചേർക്കാനും, വിവിധ തരം മധുരപലഹാരങ്ങൾ ഉണ്ടാക്കാനും ഉപയോഗിക്കാം.

ഇന്ത്യയിലെ വളർന്നുവരുന്ന രുചികരമായ വിപണി വിദേശ പഴങ്ങളെ ഇരുകയ്യും നീട്ടി സ്വീകരിക്കാൻ തുടങ്ങിയതോടെ തായ്‌ലൻഡ്, മലേഷ്യ, ഇന്തൊനീഷ്യ എന്നിവിടങ്ങളിൽ നിന്ന് ദുരിയാൻ വൻതോതിൽ ഇറക്കുമതി ചെയ്യപ്പെടുന്നുണ്ട്. പഴങ്ങളായോ ഫ്രോസൺ പൾപ്പായോ ഒക്കെ ഇവ ലഭ്യമാണ്. ഇറക്കുമതിക്ക് പുറമെ, ഇന്ത്യയിലും ഈ പഴം ഇപ്പോൾ പരിമിതമായ അളവിൽ കൃഷി ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും കേരളത്തിന്റെ ചില ഭാഗങ്ങളിലും തമിഴ്നാട്ടിലെ ഫാമുകളിലും ദുരിയാൻ വിജയകരമായി വളരുന്നു. ജൂൺ മുതൽ ഓഗസ്റ്റ് വരെയുള്ള വേനൽക്കാല-മധ്യവർഷ മാസങ്ങളിലാണ് സാധാരണയായി ഈ പഴം ലഭ്യമാകുന്നത്.

മലേഷ്യയുടെ തനത് ഇനമായ മുസാങ് കിങ്, തായ്‌ലൻഡിൽ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മോന്തോങ്, ഒപ്പം ഓർച്ചി, കോബ്, സുൽത്താൻ, ഡി101, റെ!ഡ് പ്രോൺ എന്നിങ്ങനെ ദുരിയാൻ ഇനങ്ങൾ പലതുണ്ട്. മോന്തോങ് പോലുള്ളവയുടെ ഗ്രാഫ്റ്റ് തൈകൾ കേരളത്തിൽ പലരും കൃഷി ചെയ്യുന്നുമുണ്ട്. ഗ്രാഫ്റ്റ് തൈകൾ പൊതുവേ 4–5 വർഷങ്ങൾ കൊണ്ട് കായ്ക്കും. ലോകത്തിലെ ഏറ്റവും വിലപിടിപ്പുള്ള പഴങ്ങളുടെ പട്ടികയിൽ മുൻനിര സ്ഥാനമുണ്ട് ദുരിയാന്. രുചിയുടെ പേരിൽ മാത്രമല്ല, വന്ധ്യത പരിഹരിക്കുന്ന ഔഷധപ്പഴം എന്ന വിശേഷണം കൂടി ദുരിയാനുണ്ട്.



ഇന്ത്യയിൽ സാധാരണയായി കിലോഗ്രാമിന് 350 മുതൽ 2,500 രൂപ വരെയാണ് ദുരിയാന്റെ വില. പഴത്തിന്റെ ഇനം, ഗുണനിലവാരം, പ്രാദേശിക വിളവെടുപ്പാണോ അതോ ഇറക്കുമതി ചെയ്ത പഴമാണോ എന്നതിനെ ആശ്രയിച്ചാണ് വില നിശ്ചയിക്കുന്നത്. മുസാങ് കിങ് പോലുള്ള ഉയർന്ന നിലവാരമുള്ള സ്പെഷൽ ഇനങ്ങൾക്ക് കിലോഗ്രാമിന് 1,200 മുതൽ 2,500 വരെ വിലവരും.

വില അല്പം കൂടുതലാണെങ്കിലും, പോഷക ഗുണങ്ങളുടെ കാര്യത്തിൽ ദുരിയാൻ ഒരു 'സൂപ്പർഫ്രൂട്ട്' തന്നെയാണ്.

വൈറ്റമിൻ സി, ബി6, ഫോളേറ്റ് എന്നിവയാൽ ദുരിയാൻ സമ്പന്നമാണ്. ഇത് ശരീരത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കാനും തലച്ചോറിന്റെ പ്രവർത്തനത്തെ ഉത്തേജിപ്പിക്കാനും സഹായിക്കുന്നു. പൊട്ടാസ്യം, മഗ്നീഷ്യം, ഇരുമ്പ് എന്നിവ അടങ്ങിയിട്ടുള്ളതിനാൽ ഹൃദയാരോഗ്യത്തിനും ശരീരത്തിന് ആവശ്യമായ ഊർജം ഉൽപാദിപ്പിക്കാനും ഇത് സഹായിക്കും. രീരത്തിലെ ഫ്രീ റാഡിക്കലുകളെ ചെറുക്കാൻ സഹായിക്കുന്ന ആന്റിഓക്സിഡന്റുകൾ ഇതിലുണ്ട്.

ഇത് വിട്ടുമാറാത്ത രോഗങ്ങളുടെ സാധ്യത കുറയ്ക്കുന്നു. ഉയർന്ന കലോറിയും കാർബോഹൈഡ്രേറ്റും അടങ്ങിയിട്ടുള്ളതിനാൽ ഫിറ്റ്നസ് പ്രേമികൾക്ക് വ്യായാമത്തിന് മുൻപോ ശേഷമോ കഴിക്കാവുന്ന മികച്ചൊരു ലഘുഭക്ഷണമാണിത്.

## നിഗൂഢത നിറഞ്ഞ കഥാപാത്രങ്ങൾ

# ടൈറ്റൻസ് വരുന്നു ഒക്ടോബർ 1ന്

സൂപ്പർ ഹിറ്റായ എബ്രഹാം ഓസ്‌ലറിന് ശേഷം നേരമ്പോക്ക്, മാനുവൽ മൂവി മേക്കേഴ്സ് എന്ന ബാനറുകളിൽ മിഥുൻ മാനുവൽ തോമസ്, ഇർഷാദ് എം ഹസൻ എന്നിവരും പ്രദീപ് സി എസും ചേർന്ന് നിർമിക്കുന്ന പുതിയ ചിത്രം 'ടൈറ്റൻസ്' സെക്കന്റ് ലുക്ക് പുറത്ത്. സെക്കന്റ് ലുക്ക് പോസ്റ്ററിനൊപ്പം ചിത്രത്തിന്റെ റിലീസ് തീയതിയും പുറത്തു വിട്ടു. ഒക്ടോബർ 1 ന് ആണ് ചിത്രം ആഗോള റിലീസായി പ്രേക്ഷകരുടെ മുന്നിലെത്തുക. ജയസൂര്യ, വിനായകൻ, ബേബി ജീൻ, നിഹാൽ, ഇന്ദ്രൻസ് എന്നിവർ പ്രധാന വേഷങ്ങൾ ചെയ്യുന്ന ചിത്രം സംവിധാനം ചെയ്യുന്നത് പ്രിൻസ് ജോയ് ആണ്. അവനിർ ടെക്, ബാബു ഏട്ടൻ ഫിലിംസ് എന്നീ ബാനറുകളും ചിത്രത്തിന്റെ നിർമ്മാണ പങ്കാളികളാണ്. 'ഡിഫറൻറ് ഗെയിംസ്, ഡിഫറൻറ് റൂൾസ്' എന്ന കുറിപ്പോടെയാണ് ചിത്രത്തിന്റെ പുതിയ പോസ്റ്റർ എത്തിയത്. ഒരു ത്രില്ലർ മൂഡിലാണ് ചിത്രം ഒരുക്കിയിരിക്കുന്നത് എന്ന സൂചനയും ഈ പോസ്റ്റർ നൽകുന്നുണ്ട്. അനുഗ്രഹീതൻ ആന്റണി എന്ന ചിത്രത്തിലൂടെ ശ്രദ്ധ നേടിയ പ്രിൻസ് ജോയ് ഒരുക്കുന്ന മൂന്നാം ചിത്രമാണ് 'ടൈറ്റൻസ്'. ജെയിംസ് സെബാസ്ട്യൻ ആണ് ചിത്രം രചിച്ചത്. മാജിക് ഫ്രെയിംസ് കേരളത്തിൽ വിതരണം ചെയ്യുന്ന ചിത്രത്തിന്റെ ഓവർസീസ് ഡിസ്ട്രിബൂഷൻ ഫാർസ് ഫിലിംസ് ആണ്. 123 മ്യൂസിക്സ് ആണ് ചിത്രത്തിന്റെ ഓഡിയോ/ മ്യൂസിക് അവകാശം സ്വന്തമാക്കിയത്. ഛായാഗ്രഹണം വിഷ്ണു ശർമ്മ, എഡിറ്റർ ഷമീർ മുഹമ്മദ്, സംഗീതം ഡോൺ വിൻസെന്റ്,പ്രൊഡക്ഷൻ ഡിസൈനർ അരുൺ വെഞ്ഞാറമൂട്, എക്സികുട്ടീവ് പ്രൊഡ്യൂസർ സുനിൽ സിങ്, ശ്രീജിത്ത് ഗില്ലി, സജിത്ത് പിവൈ, ലൈൻ പ്രൊഡ്യൂസർ റോബിൻ വർഗീസ്, പ്രൊഡക്ഷൻ കൺട്രോളർ പ്രശാന്ത് നാരായണൻ, ആർട്ട് ഡയറക്ടർ മഹേഷ് പിറവം, വിഎഫ്എക്സ് ഡയറക്ടർ വിശാഖ് ബാബു, വരികൾ മുത്തു, കോസ്റ്റ്യൂം സിജി നോബിൾ തോമസ്, മേക്കപ്പ് റോണക്സ് സേവ്യർ, സൗണ്ട് ഡിസൈൻ കിഷൻ മോഹൻ, സൗണ്ട് മിക്സിങ് രാജകൃഷ്ണൻ എം ആർ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർ രജീഷ് വേലായുധൻ, ബേസിൽ വർഗീസ് ജോസ്, ക്രീയേറ്റീവ് അസ്സോസിയേറ്റ് ബിനോഷ് ജോർജ്, സംഘട്ടനം ഫീനിക്സ് പ്രഭു, ഡിജിറ്റൽ പി ആർ യദുൽ ബോസ്, വിവേക് വിനയ്‌രാജ്, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ, സ്റ്റിൽസ് എസ് ബി കെ ഷുഹൈബ്, ബോയാക്, വിഎഫ്എക്സ് മൈൻഡ് സ്റ്റെയിൻ സ്റ്റുഡിയോസ്, പിക്റ്റോറിയൽ എഫ് എക്സ്, ഡിസൈൻസ് യെല്ലോ ടൂത്ത്സ്








### പ്രിയദർശൻ, അക്ഷയ് കുമാർ, സെയ്ഫ് അലി ഖാൻ

# ഹൈവാൻ സെപ്റ്റംബർ 11ന്

അക്ഷയ് കുമാർ, സെയ്ഫ് അലി ഖാൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി പ്രിയദർശൻ ഒരുക്കുന്ന 'ഹൈവാൻ' ട്രെയ്‌ലർ പുറത്ത്. 2026 സെപ്റ്റംബർ 11 നാണ് ചിത്രം ആഗോള റിലീസായി എത്തുക. ചിത്രത്തിന്റെ തിരക്കഥ രചിച്ചതും പ്രിയദർശൻ തന്നെയാണ്. കെ വി എൻ പ്രൊഡക്ഷൻസ്, തെസ്പിയൻ ഫിലിംസ് എന്നിവയുടെ ബാനറുകളിൽ വെങ്കട് കെ നാരായണ, ശൈലജ ദേശായി ഫെൻ എന്നിവരാണ് ചിത്രം നിർമ്മിക്കുന്നത്.

ഗംഭീര ക്രൈം സസ്പെൻസ് ത്രില്ലർ ആയാണ് ചിത്രം എത്തുന്നത് എന്ന സൂചനയാണ് ട്രെയ്‌ലർ സമ്മാനിക്കുന്നത്. സെയ്ഫ് അലി ഖാൻ അന്ധനായ നായക കഥാപാത്രമായി എത്തുന്ന ചിത്രത്തിൽ വില്ലനായി എത്തുന്നത് സൂപ്പർതാരം അക്ഷയ് കുമാർ ആണ്. ത്രസിപ്പിക്കുന്ന പശ്ചാത്തല സംഗീതവും, പ്രിയദർശൻ ചിത്രങ്ങളുടെ ഹൈലൈറ്റ് ആയ ചടുലതയാർന്ന ദൃശ്യങ്ങളുമാണ് ട്രെയിലറിന്റെ മറ്റ് ആകർഷണങ്ങൾ.

ചിത്രത്തിലെ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന അക്ഷയ് കുമാർ, സെയ്ഫ് അലി ഖാൻ എന്നിവരെ, ഇതുവരെ കാണാത്ത രീതിയിലാണ് പ്രിയദർശൻ പ്രേക്ഷകരുടെ മുന്നിലെത്തിക്കുന്നത് എന്നും ട്രെയ്‌ലർ കാണിച്ചു തരുന്നുണ്ട്. ആദ്യാവസാനം പ്രേക്ഷകരെ ആകാംഷയുടെ മുൾമുനയിൽ നിർത്തുന്ന ഒരു ത്രില്ലർ ആയിരിക്കും ചിത്രമെന്ന സൂചനയും ഇതിന്റെ ടീസർ, ട്രെയ്‌ലർ എന്നിവ നൽകുന്നു. വമ്പൻ സസ്‌പെൻസും ഡ്രാമയും കോർത്തിണക്കിയാണ് പ്രിയദർശൻ ഈ എഡ്ജ് ഓഫ് ദി സീറ്റ് ത്രില്ലർ ചിത്രം ഒരുക്കിയിരിക്കുന്നത്.

ബോളിവുഡിലെ വമ്പൻ താരങ്ങളായ അക്ഷയ് കുമാർ, സെയ്ഫ് അലി ഖാൻ എന്നിവർ ഒരിടവേളക്ക് ശേഷം ഈ ചിത്രത്തിലൂടെ വീണ്ടും ഒന്നിക്കുകയാണ്. സയ്യാമി ഖേർ, ശ്രിയ പിൽഗാവോങ്കർ, ബൊമൻ ഇറാനി, രാജ്പാൽ യാദവ്, ശരീബ് ഹാഷ്മി, രാജേഷ് ശർമ്മ, പഹൽ ചൗധരി, മനോജ് ജോഷി എന്നിവരും ചിത്രത്തിന്റെ താരനിരയിലുണ്ട്. കേരളത്തിൽ ചിത്രീകരണം ആരംഭിച്ച 'ഹൈവാൻ', കൊച്ചി, വാഗമൺ, ഊട്ടി, മുംബൈ എന്നിവിടങ്ങളിൽ ആയാണ് പൂർത്തീകരിച്ചത്.

അക്ഷയ് കുമാറിനൊപ്പം ഒട്ടേറെ സൂപ്പർ ഹിറ്റുകൾ ബോളിവുഡിൽ ഒരുക്കിയിട്ടുള്ള പ്രിയദർശൻ ആദ്യമായാണ് സെയ്ഫ് അലി ഖാനുമായി ഒരു ചിത്രത്തിൽ ഒന്നിക്കുന്നത്. സാബു സിറിൾ ആണ് ഈ ചിത്രത്തിന്റെ പ്രൊഡക്ഷൻ ഡിസൈനർ. പ്രിയദർശൻ, അക്ഷയ് കുമാർ, സെയ്ഫ് അലിഖാൻ, സാബു സിറിൾ എന്നീ 4 ദേശീയ പുരസ്‌കാര ജേതാക്കൾ ഒന്നിക്കുന്നു എന്നതും ഹൈവാന്റെ ഹൈലൈറ്റ് ആണ്.

ഈ വർഷം ഏപ്രിൽ മാസത്തിൽ പുറത്തു വന്ന മറ്റൊരു പ്രിയദർശൻ അക്ഷയ് കുമാർ ചിത്രമായ 'ഭൂത് ബംഗ്ലാ' ബ്ലോക്ക്ബസ്റ്റർ ആയതോടെ, ഇവർ വീണ്ടുമൊന്നിക്കുന്ന ചിത്രമെന്ന നിലയിൽ കൂടി വലിയ പ്രതീക്ഷകളോടെയാണ് പ്രേക്ഷകർ 'ഹൈവാൻ' കാത്തിരിക്കുന്നത്. മഞ്ഞുമ്മൽ ബോയ്സിന് ശേഷം ചിദംബരം സംവിധാനം ചെയ്ത മലയാള ചിത്രം 'ബാലൻ' നിർമ്മിച്ചതും കെ വി എൻ പ്രൊഡക്ഷൻസ്, തെസ്പിയൻ ഫിലിംസ് എന്നിവർ ചേർന്നാണ്. ഇവർ രണ്ടും പേരും ഒരുമിച്ചു നിർമ്മിക്കുന്ന രണ്ടാമത്തെ ചിത്രമാണ് 'ഹൈവാൻ'. തമിഴിലെ വമ്പൻ ചിത്രമായ ദളപതി വിജയ്‌യുടെ 'ജനനായകൻ', ഓഗസ്റ്റ് 26 നു പുറത്തു വരുന്ന ഗീതു മോഹൻദാസ്/യാഷ് ടീമിന്റെ ബ്രഹ്മാണ്ഡ കന്നഡ ചിത്രമായ 'ടോക്സിക്' എന്നിവ നിർമ്മിച്ചതും കെ വി എൻ പ്രൊഡക്ഷൻസ് ആണ്.

നിർമ്മാണം വെങ്കട്ട് കെ. നാരായണ, ശൈലജ ദേശായി ഫെൻ, തിരക്കഥ പ്രിയദർശൻ, അഭിലാഷ് നായർ, രോഹൻ ശങ്കർ, പ്രൊഡക്ഷൻ ഡിസൈനർ സാബു സിറിൽ, കോഡയറക്ടർ അഭിലാഷ് നായർ, ഛായാഗ്രഹണം ദിവാകർ മണി, സംഗീതം പ്രീതം, സംഭാഷണങ്ങൾ രോഹൻ ശങ്കർ, അസോസിയേറ്റ് പ്രൊഡ്യൂസർമാർ പൂജ ഷാ, ധവാൽ ജതാനിയ, ആക്ഷൻ ഡയറക്ടർമാർ സ്റ്റണ്ട് സിൽവ, രവി ത്യാഗരാജൻ, എഡിറ്റർ അയ്യപ്പൻ നായർ ങ.ട., കോസ്റ്റ്യൂം ഡിസൈനർമാർ വി. സായ് ബാബു, കോമൾ ഷഹാനി മോഹൻ, വിഎഫ്എക്സ് സൂപ്പർവൈസർ സിദ്ധാർത്ഥ് പ്രിയദർശൻ, കാസ്റ്റിംഗ് ഡയറക്ടർ അമർബീർ ബജ്വ, പിആർഒ വൈശാഖ് സി വടക്കേവീട്, ജിനു അനിൽകുമാർ.




# ദുബായ് ചേംബേഴ്സ് ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു

**കൊച്ചി:** ദുബായും ഇന്ത്യയും തമ്മിലുള്ള വ്യാപാരവും നിക്ഷേപവും ശക്തിപ്പെടുത്തുന്നതിനും ബിസിനസ് വിപുലീകരണത്തെ പിന്തുണയ്ക്കുന്നതിനുമായി ദുബായ് ചേംബേഴ്സ് രണ്ടു ധാരണാപത്രങ്ങളിൽ ഒപ്പുവച്ചു.

ദുബായ് ചേംബേഴ്സ് പ്രസിഡൻറും സിഇഒയുമായ എച്ച്.ഇ. മുഹമ്മദ് അലി റാഷിദ് ലൂത്തയുടെ നേതൃത്വത്തിലുള്ള സംഘം ഏജൻറിക് എഐ പ്രോത്സാഹനം ഉൾപ്പടെയുള്ള വിഷയങ്ങളിലാണ് സോഫ്റ്റ്‌വേർ കമ്പനികളുടെ അസോസിയേഷനായ നാസ്കോം, ഫെഡറേഷൻ ഓഫ് കർണാടക ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി എന്നിവയുമായി സഹകരണ കരാറുകളിൽ ഒപ്പുവച്ചത്.

സംഘം പ്രമുഖ ഇന്ത്യൻ ബിസിനസ് സ്ഥാപനങ്ങളുമായും ബഹുരാഷ്ട്ര കമ്പനികളുമായും എട്ടു യോഗങ്ങൾ നടത്തി.

# ബജാജ് ഫിൻസെർവ് ഫ്ലെക്സി ക്യാപ് ഫണ്ടിന് 18.21 ശതമാനം വാർഷിക വളർച്ച

**കൊച്ചി:** ബജാജ് ഫിൻസെർവ് മ്യൂചൽ ഫണ്ടിൻറെ ബജാജ് ഫിൻസെർവ് ഫ്ലെക്സി ക്യാപ് ഫണ്ട് മൂന്നു വർഷം പൂർത്തിയാക്കി.

പദ്ധതിയുടെ ഡയറക്ട് പ്ലാൻ-ഗ്രോത്ത് ഓപ്ഷൻ 18.21 ശതമാനം വാർഷികവളർച്ചയും റഗുലർ പ്ലാൻ-ഗ്രോത്ത് ഓപ്ഷൻ 16.59 ശതമാനം വാർഷികവളർച്ചയും രേഖപ്പെടുത്തി.

പദ്ധതിയുടെ കൈകാര്യം ചെയ്യുന്ന ആസ്തി 8,149.81 കോടി രൂപയിലെത്തുകയും 3,22,231 നിക്ഷേപക ഫോളിയോകൾ രേഖപ്പെടുത്തുകയും ചെയ്തു.

# ഫാബ് ഇന്ത്യയിൽ ഓണം കളക്ഷൻ

**കൊച്ചി:** ഫാബ് ഇന്ത്യ പുതിയ ഓണം കളക്ഷൻ അവതരിപ്പിച്ചു. ഓരോ നിമിഷവും സ്വർണം എന്ന കാന്പയിന്റെ ഭാഗമായി അവതരിപ്പിച്ച കളക്ഷനിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കുമുള്ള ഉത്സവകാല വസ്ത്രങ്ങൾക്കൊപ്പം ഹോം ഡെക്കർ ഉത്പന്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിന്റെ തനത് കസവുസാരിയിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണ് വനിതകളുടെ കളക്ഷൻ ഒരുക്കിയിരിക്കുന്നത്. തുന്നൽപ്പണികളോടെയുള്ള കുർത്ത സെറ്റുകൾ, സിൽക്ക് സ്റ്റോളുകൾ, കോട്ടൺ കോർഡിനേറ്റുകൾ എന്നിവയും ശ്രേണിയിലുണ്ട്.

# ആനന്ദ് റാഠി വെൽത്ത് കൊച്ചി ശാഖ തുറന്നു

**കൊച്ചി:** എൻഎസ്ഇ 500 പട്ടികയിൽ ഉൾപ്പെട്ട പ്രമുഖ വെൽത്ത് സൊലൂഷൻസ് കമ്പനിയായ ആനന്ദ് റാഠി വെൽത്ത് ലിമിറ്റഡ് കൊച്ചിയിൽ പുതിയ ശാഖ ആരംഭിച്ചു.

പുതിയ ശാഖയിലൂടെ സ്വകാര്യ സമ്പത്ത് മാനേജ്മെൻറ് സേവനങ്ങൾ, മ്യൂച്വൽ ഫണ്ടുകൾ, ഘടനാപരമായ നിക്ഷേപ ഉത്പന്നങ്ങൾ എന്നിവ ലഭ്യമാക്കും.

ആനന്ദ് റാഠി വെൽത്ത് ലിമിറ്റഡിലെ ഡയറക്ടറും യൂണിറ്റ് ഹെഡുമായ കൃഷ്ണാനു ചൗധരിയും അസോസിയേറ്റ് ഡയറക്ടർ പായൽ മഹേശ്വരിയുമാണ് കൊച്ചി ശാഖയ്ക്ക് നേതൃത്വം നൽകുന്നത്.



# ഉള്ളി വില പിടിച്ചുനിർത്താൻ കാന്ദ എക്സ്പ്രസ് കൊച്ചിയിലേക്കും

**കൊച്ചി:** അടുക്കളകളിൽ കണ്ണീര് പടർത്തി സവാള വില കുതിച്ചുയരുന്നതിനിടയിൽ, വിപണിയിലെ വിലക്കയറ്റം തടയാൻ കേന്ദ്ര സർക്കാർ അടിയന്തര ഇടപെടൽ നടത്തുന്നു. മഹാരാഷ്ട്രയിലെ നാസിക്കിൽ നിന്നുള്ള ഉള്ളി ശേഖരം മറ്റ് പ്രധാന സംസ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കാന്ദ എക്സ്പ്രസ്' എന്ന പ്രത്യേക ഗുഡ്സ് ട്രെയിൻ സർവീസ് ആരംഭിക്കും. ഡൽഹി, ചെന്നൈ, ഗോഹട്ടി എന്നീ നഗരങ്ങൾക്കൊപ്പം കൊച്ചിയിലേക്കും കാന്ദ എക്സ്പ്രസ് വഴി ഉള്ളി എത്തിക്കും.വിലകൾ താരതമ്യം ചെയ്യൽ

ദേശീയ ശരാശരിയെക്കാൾ ഉയർന്ന നിരക്കിൽ ഉള്ളി വിൽപ്പന നടക്കുന്ന വിപണികളിൽ വിതരണം കൂട്ടി വില നിയന്ത്രണവിധേയമാക്കുകയാണ് കേന്ദ്ര ഉപഭോക്തൃ കാര്യ വകുപ്പിന്റെ ലക്ഷ്യം.

രാജ്യത്തെ ശരാശരി സവാള വില കിലോയ്ക്ക് 42 രൂപയായി ഉയർന്നു. കഴിഞ്ഞ മാസത്തെ അപേക്ഷിച്ച് 19 ശതമാനവും, കഴിഞ്ഞ വർഷം ഇതേ സമയത്തേതിനെ അപേക്ഷിച്ച് 45 ശതമാനവും വർധനയാണിത്. ഡൽഹിയിൽ കിലോയ്ക്ക് 65 രൂപയും (കഴിഞ്ഞ വർഷം 35 രൂപ) ചെന്നൈയിൽ 58 രൂപയുമാണ് (കഴിഞ്ഞ വർഷം 33 രൂപ) നിലവിലുള്ള നിരക്ക്.

മഹാരാഷ്ട്രയിലെ പ്രധാന ഉള്ളി വിപണിയായ ലാസൽഗാവിൽ കഴിഞ്ഞ ജൂണിന് ശേഷം ഉള്ളിയുടെ മൊത്ത വ്യാപാര വില ഇരട്ടിയായി (ക്വിൻറലിന് 2,000 രൂപയിൽ നിന്ന് 3,800 രൂപയായി ഉയർന്നു).

മഴ വൈകിയതും കൃഷിയിടങ്ങളുടെ വിസ്തൃതി കുറഞ്ഞതും കാരണം പ്രധാന ഉത്പാദന കേന്ദ്രമായ മഹാരാഷ്ട്രയിൽ ഖാരിഫ് ഉള്ളി ഉത്പാദനത്തിൽ 5 മുതൽ 7 ശതമാനം വരെ കുറവുണ്ടായിട്ടുണ്ട്. എന്നാൽ 202526 വർഷത്തെ മൊത്തം ഉത്പാദനം 30.73 മില്യൺ ടണ്ണായി നിൽക്കുന്നതിനാൽ വലിയ ക്ഷാമത്തിന് സാധ്യതയില്ലെന്നാണ് കൃഷി മന്ത്രാലയത്തിൻറെ വിലയിരുത്തൽ.

ഇതുവരെ 0.12 മില്യൺ ടൺ ഉള്ളി സർക്കാർ സംഭരിച്ചിട്ടുണ്ട്. ആവശ്യാനുസരണം ബഫർ സ്റ്റോക്കിൽ നിന്ന് കൂടുതൽ സവാള വിപണിയിലെത്തിച്ച് വിലക്കയറ്റം പൂർണമായും തടയാനാണ് കേന്ദ്ര നീക്കം. 2024 ഒക്ടോബറിലും സമാനമായ രീതിയിൽ കാന്ദ എക്സ്പ്രസ് സർവീസ് നടത്തി സർക്കാർ വില നിയന്ത്രിച്ചിരുന്നു

# കർഷകർക്കും തൊഴിലാളികൾക്കുമായി പുതിയ ഫീച്ചർ ഫോൺ 'ഐടെൽ ടഫ്'

**കൊച്ചി:** ഫീച്ചർ ഫോൺ വിഭാഗത്തിലെ ഇന്നോ ശ്രേണി വിപുലീകരിച്ച് പുതിയ ഐടെൽ ടഫ് സെപ്റ്റംബറിൽ അവതരിപ്പിക്കും. കർഷകർ, ദിവസവേതന തൊഴിലാളികൾ, പുറംജോലികളിൽ ഏർപ്പെടുന്നവർ എന്നിവരുടെ കഠിനമായ ദൈനംദിന സാഹചര്യങ്ങൾ കണക്കിലെടുത്താണ് ഫോൺ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി.

പൊടിയും വെള്ളവും പ്രതിരോധിക്കുന്ന ഐപി 54 നിലവാരത്തിനൊപ്പം, ഫോൺ വീഴുന്നതും കഠിനമായ കാലാവസ്ഥയും പോലുള്ള സാഹചര്യങ്ങളെ നേരിടാൻ അനുയോജ്യവും ശക്തവുമായ രൂപകൽപ്പനയാണ് ഇതിലുണ്ടാകുക. കാർഷിക ആവശ്യങ്ങൾക്കായി ഒറ്റ കീയിലൂടെ സർക്കാർ സഹായകേന്ദ്രവുമായി ബന്ധപ്പെടാൻ സഹായിക്കുന്ന പ്രത്യേക കാർഷിക ബട്ടണും ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്നോ ശ്രേണിയിൽ നേരത്തെ അവതരിപ്പിച്ച ആക്വ ഇന്ത്യയിലെ ഐപി 67 നിലവാരമുള്ള ഫീച്ചർ ഫോണായിരുന്നെന്നും കൂടുതൽ ആവശ്യാധിഷ്ഠിത ഉപകരണങ്ങൾ ശ്രേണിക്ക് കീഴിൽ അവതരിപ്പിക്കുമെന്നും ഐടെൽ അറിയിച്ചു.

സൈബർ മീഡിയ റിസർച്ച് നടത്തിയ പഠനത്തിൽ 91 ശതമാനം ഉപയോക്താക്കളും ഐടെൽ ഫോണുകളുടെ ദൈർഘ്യത്തിന് ഉയർന്ന റേറ്റിങ് നൽകിയതായി കമ്പനി വ്യക്തമാക്കി. ഇന്ത്യയിലുടനീളം 1.3 ലക്ഷത്തിലധികം ചില്ലറ വിൽപ്പനശാലകളും 1,000ത്തിലധികം സേവന കേന്ദ്രങ്ങളും ഉൾപ്പെടുന്ന ശൃംഖലയും കമ്പനിക്കുണ്ട്.



# കുടവയറില്ലാത്ത മാവേലി: പരസ്യ ചിത്രം ശ്രദ്ധേയമാകുന്നു

**കൊച്ചി:** ഓണാഘോഷങ്ങളോടൊപ്പം മലയാളികളുടെ മനസ്സിൽ പതിഞ്ഞ മാവേലിയുടെ കുടവയറിന് പുതിയൊരു ടിസ്റ്റുമായി ആശീർവാദ് ആട്ട. ഏറ്റവും പുതിയ ഡിജിറ്റൽ വീഡിയോ ക്യാംപയിനിലൂടെ 'ഫിറ്റ് മാവേലി'യെ അവതരിപ്പിച്ചാണ് ആശീർവാദ് ദൈനംദിന ജീവിതത്തിലെ സമീകൃത ഭക്ഷണത്തിന്റെയും വ്യായാമത്തിന്റെയും പ്രാധാന്യം രസകരമായി പങ്കുവയ്ക്കുന്നത്.



പൊതുവേ തടിച്ച, പ്രസന്നനായ രാജാവായാണ് മാവേലിയെ ചിത്രീകരിക്കാറുള്ളത്. എന്നാൽ പുതിയ ചിത്രത്തിൽ ഫിറ്റായ മാവേലി കുട്ടികൾക്ക് ഭക്ഷണക്രമവും വ്യായാമവും സംബന്ധിച്ച സന്ദേശം നൽകുന്നു. ഓണസദ്യയുടെ ആഘോഷവും രുചിയും ഒഴിവാക്കണമെന്നല്ല, മറിച്ച് ദൈനംദിന ജീവിതത്തിൽ ആരോഗ്യകരമായ ശീലങ്ങളും ആഘോഷവേളകളിലെ ഭക്ഷണവും ഒരുമിച്ച് കൊണ്ടുപോകാമെന്ന ആശയമാണ് ക്യാംപയിൻ മുന്നോട്ടുവയ്ക്കുന്നത്.

സംസ്കാരവും നർമ്മവും മാറിവരുന്ന ഭക്ഷണശീലങ്ങളുമെല്ലാം സമന്വയിപ്പിച്ചാണ് ആശീർവാദിന്റെ ഓണം ചിത്രം 'ഫിറ്റ് മാവേലി'യെ അവതരിപ്പിക്കുന്നത്. മാവേലി ഫിറ്റായാലും ഓണമെത്തുമ്പോൾ ഗംഭീരമായൊരു സദ്യയ്ക്ക് ഇടമുണ്ടെന്ന സന്ദേശത്തോടെയാണ് ചിത്രം അവസാനിക്കുന്നത്. ചിത്രം യൂ ട്യൂബിൽ കാണാം.

## ഓണപ്പെരുമയിൽ മിൽമ

# പാലുത്പന്നങ്ങളുടെ വിൽപ്പനയിൽ വൻ വർധന

**തിരുവനന്തപുരം:** ഓണക്കാലത്ത് മിൽമയുടെ പാലുത്പന്നങ്ങളുടെ വിൽപ്പനയിൽ ഗണ്യമായ വർധന. മിൽമ എന്ന ബ്രാൻഡ് പേരിലറിയപ്പെടുന്ന കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷന്റെ (കെസിഎംഎംഎഫ്) ഗുണമേൻമയുള്ള ഉത്പന്നങ്ങളോടുള്ള ഉപഭോക്താക്കളുടെ വർധിച്ചുവരുന്ന താത്പര്യമാണ് വിൽപ്പനയിലെ കുതിപ്പിന് കാരണം.




ഓണാഘോഷമാരംഭിച്ച ഓഗസ്റ്റ് 20 മുതൽ ഉത്രാടം ദിനം വരെയുള്ള അഞ്ച് ദിവസങ്ങിൽ മാത്രം 1,45,76,846.63 ലിറ്റർ പാലാണ് മിൽമ വിറ്റഴിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് 5.61 ശതമാനം വളർച്ചയാണ് ഇക്കുറി ഉണ്ടായത്. തൈരിന്റെ മൊത്തം വിൽപ്പന 18,09,331.50 കിലോഗ്രാമാണ്. 9.68 ശതമാനമാണ് വളർച്ച.

തിരുവനന്തപുരം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (ടിആർസിഎംപിയു) പാലിന്റെ വിൽപ്പനയിൽ ഓഗസ്റ്റ് 20 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 5.86 ശതമാനം വർധന രേഖപ്പെടുത്തി. തൈരിന്റെ വിൽപ്പനയിലും 7.94 ശതമാനം വർധനവുണ്ടായി. 297.85 ടൺ നെയ്യാണ് ഓഗസ്റ്റ് ഒന്നിനും 25 നുമിടയിലുള്ള ദിവസങ്ങളിൽ വിറ്റത്.

എറണാകുളം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (ഇആർസിഎംപിയു) ഈ വർഷം ഓഗസ്റ്റ് 20 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പാലിന്റെ വിൽപ്പനയിൽ 4.62 ശതമാനവും തൈരിന്റെ വിൽപ്പനയിൽ 16.44 ശതമാനം വളർച്ച രേഖപ്പെടുത്തി. ഓഗസ്റ്റ് ഒന്നിനും 25 നുമിടയിലുള്ള ദിവസങ്ങളിൽ 172.58 ടൺ നെയ്യാണ് വിറ്റത്.

മലബാർ റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ (എംആർസിഎംപിയു) ഈ വർഷം ഓഗസ്റ്റ് 20 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ പാലിന്റെ വിൽപ്പനയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 6.03 ശതമാനം വർധനവ് രേഖപ്പെടുത്തി. തൈരിന്റെ മൊത്തം വിൽപ്പനയുടെ വളർച്ച 8.7 ശതമാനമാണ്. 358.35 ടൺ നെയ്യാണ് ഓഗസ്റ്റ് ഒന്നിനും 25 നുമിടയിലുള്ള ദിവസങ്ങളിൽ വിറ്റത്.ഓണവിപണി മുന്നിൽ കണ്ടുകൊണ്ട് മിൽമ നടത്തിയ വിപുലമായ തയ്യാറെടുപ്പുകളും കാര്യക്ഷമമായ വിതരണ ശൃംഖലാ നിയന്ത്രണവുമാണ് വിൽപ്പനയിലെ വർധനയ്ക്ക് പ്രധാന കാരണം. സീസണൽ വിൽപ്പന വർധിപ്പിക്കുന്നതിനുള്ള മിൽമയുടെ തുടർച്ചയായ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ ക്ഷീരോത്പന്ന വിപണിയിലെ മുൻനിര സ്ഥാനം നിലനിർത്താൻ മിൽമയെ സഹായിച്ചു. വർധിച്ച ആവശ്യം നിറവേറ്റുന്നതിനായി ലഭ്യമായ വിവിധ സംഭരണ മാർഗങ്ങളും വിതരണ സംവിധാനങ്ങളും പരമാവധി പ്രയോജനപ്പെടുത്തി.ഉപഭോക്താക്കൾ മിൽമയിൽ അർപ്പിച്ച വിശ്വാസത്തിൽ കേരള കോഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ (കെസിഎംഎംഎഫ്) ചെയർമാൻ കെ എസ് മണി നന്ദി പറഞ്ഞു. ഈ പിന്തുണയാണ് ഇത്തവണത്തെ ഓണക്കാലത്തെ മികച്ച വിൽപ്പനയ്ക്ക് പിന്നിലെന്നും അദ്ദേഹം പറഞ്ഞു.

മികച്ച നേട്ടം കൈവരിക്കാനായതിൽ ഫെഡറേഷന്റെ ബോർഡ് ഓഫ് ഡയറക്ടർമാർ, പ്രാദേശിക യൂണിയനുകൾ, മാനേജ്മെൻറ്, ക്ഷീരകർഷകർ, മിൽമ ജീവനക്കാർ, വാഹനങ്ങളിലെ വിതരണ ജീവനക്കാർ, വിതരണക്കാർ എന്നിവർക്കും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

# റീഗൽ ജ്വല്ലേഴ്സിന്റെ ആഭരണശേഖരം മഞ്ജു വാര്യർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** റീഗൽ ജ്വല്ലേഴ്സിന്റെ പുതിയ ആഭരണശേഖരമായ ഇളക്കത്താലി ട്രഡീഷൻ ഇവോൾവ്ഡ് ഇടപ്പള്ളി എൻഎച്ച് ബൈപാസിലെ ഷോറൂമിൽ നടി മഞ്ജു വാര്യർ ഉദ്ഘാടനം ചെയ്തു.

ഓണം സ്പെഷലായി അവതരിപ്പിക്കുന്ന ആഭരണശേഖരം കേരളീയ പാരമ്പര്യവും ആധുനിക ഡിസൈൻ സങ്കൽപ്പങ്ങളും സമന്വയിപ്പിക്കുന്നതാണെന്ന് റീഗൽ ജ്വല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ പല്ലവി നാംദേവ് പറഞ്ഞു. കേരളത്തിലെ റീഗൽ ജ്വല്ലേഴ്സിന്റെ എല്ലാ സ്റ്റോറിലും ലഭ്യമാണ്.

# ഒരു ദശകം പൂർത്തിയാക്കി യുപിഐ

**കൊച്ചി:** 2016 ഓഗസ്റ്റ് 25ന് ആരംഭിച്ച യൂണിഫൈഡ് പേമെൻറ്സ് ഇൻറർഫേസ് ഇന്ത്യയുടെ ഡിജിറ്റൽ സാന്പത്തിക രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് വിജയകരമായ 10 വർഷങ്ങൾ പൂർത്തിയാക്കി. 2016 ഓഗസ്റ്റ് 25നാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ നാഷണൽ പേയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ) യുപിഐ സേവനത്തിന് തുടക്കമിട്ടത്.

രാജ്യത്തെ ഡിജിറ്റൽ പേമെൻറ് ആവാസ വ്യവസ്ഥയുടെ നട്ടെല്ലായി മാറിയ യുപിഐ സാന്പത്തിക ഉൾച്ചേർക്കലിൻറെ നിർണായകമായ ഒരു ചാലകശക്തി കൂടിയാണ്. റിയൽ ടൈം പേമെൻറുകൾക്കുള്ള ഒരു ആഗോള മാതൃകയായും യുപിഐ ഉയർന്നിട്ടുണ്ട്. തെരുവ് കച്ചവടക്കാർ മുതൽ വൻകിട മാളുകൾ വരെ ഒരു ക്യൂആർ കോഡിലൂടെ പണമിടപാട് നടത്താൻ പ്രാപ്തമാക്കിയതോടെ രാജ്യത്തെ ഏറ്റവും ജനപ്രിയമായ പണമിടപാട് രീതിയായി യുപിഐ മാറി.

ധനമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ പ്രകാരം കഴിഞ്ഞ ഒരു ദശകത്തിൽ, യുപിഐ വഴി നടന്ന വാർഷിക ഇടപാടുകളുടെ എണ്ണം 201617 സാന്പത്തിക വർഷത്തിലെ 1.78 കോടിയിൽ നിന്ന് 2025-26 സാന്പത്തിക വർഷത്തിൽ 24,162 കോടിയിലധികമായി ഉയർന്നു. ഇത് ഇടപാടുകളുടെ എണ്ണത്തിൽ ഉണ്ടായ 13,000 ഇരട്ടി വർധനവിനെയാണ് കാണിക്കുന്നത്.

അതുപോലെ, ഇടപാടുകളുടെ ആകെ മൂല്യം 2016-17 സാന്പത്തിക വർഷത്തിലെ 0.07 ലക്ഷം കോടി രൂപയിൽനിന്ന് 2025-26 സാമ്പത്തിക വർഷത്തിൽ ഏകദേശം 314 ലക്ഷം കോടി രൂപയായി കുത്തനെ ഉയർന്നു. തുകയുടെ കാര്യത്തിൽ 4,000ത്തിലധികം മടങ്ങ് വർധനയാണുണ്ടായിരിക്കുന്നത്.

2026 എന്ന വർഷം യുപിഐയുടെ വളർച്ചാ പാതയിൽ നിർണായകമായ ഒരു നാഴികക്കല്ല് അടയാളപ്പെടുത്തിയതായി ധനമന്ത്രാലയത്തിൻറെ പ്രസ്താവനയിൽ പറയുന്നു. മേയിൽ പ്രതിമാസ ഇടപാടുകളുടെ എണ്ണം ആദ്യമായി 2,300 കോടി കടന്ന് 2,320 കോടിയിൽ എത്തിച്ചേർന്നു. ഇത് യുപിഐ ഉപയോഗത്തിലുണ്ടായ പുതിയ തലത്തിലുള്ള ജനപ്രീതിയെയാണ് സൂചിപ്പിക്കുന്നത്.

ഈ മുന്നേറ്റം വർഷത്തിലുടനീളം തുടർന്നു. ജൂലൈ 2,366 കോടി ഇടപാടുകളാണ് രേഖപ്പെടുത്തിയത്. യുപിഐയുടെ പത്ത് വർഷത്തെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രതിമാസ ഇടപാട് നിരക്കാണിത്.

യുപിഐ ആരംഭിച്ചതുമുതൽ ധനകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തത്തിൽ ക്രമാനുഗതവും വ്യാപകവുമായ വർധനയുണ്ടായിട്ടുണ്ട്. പ്രവർത്തനത്തിൻറെ ആദ്യ വർഷമായ 2016-17ൽ യുപിഐയിൽ സജീവമായിരുന്ന ബാങ്കുകളുടെ എണ്ണം 44 ആയിരുന്നത് 2025-26ലെത്തിയപ്പോഴേക്കും 703 ആയി ഉയർന്നു.

ഐഎംഎഫിൻറെ കണക്കുകൾ പ്രകാരം, 2025ൽ ആഗോള തലത്തിലെ റിയൽടൈം ഡിജിറ്റൽ ഇടപാടുകളുടെ ഏകദേശം 49 ശതമാനവും യുപിഐ വഴിയാണ് നടന്നത്.

പ്രതിദിനം 66 കോടിയിലധികം ഇടപാടുകൾ നടത്തുന്ന യുപിഐ, രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട പയ്മെൻറ് നെറ്റ്വർക്കായി മാറിയിരിക്കുന്നു. ഇത് തത്ക്ഷണവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഡിജിറ്റൽ പേമെൻറുകളിൽ ഇന്ത്യയുടെ ആഗോള നേതൃസ്ഥാനത്തെ കൂടുതൽ ശക്തമാക്കുന്നു.

രാജ്യത്തിനുള്ളിലെ ഒരു പേയ്മെൻറ് ഇന്നൊവേഷനായി തുടങ്ങിയ യുപിഐ, ഇന്ന് അതിർത്തി കടന്നുള്ള (അന്താരാഷ്ട്ര) ഡിജിറ്റൽ ഇടപാടുകൾക്കുള്ള ഒരു പ്ലാറ്റ്ഫോമായി വളർന്നിട്ടുണ്ട്.ഒരു ആഭ്യന്തര പേമെൻറ് സംവിധാനമായി ആരംഭിച്ച യുപിഐ ഇന്ന് രാജ്യാതിർത്തിയും കടന്നുള്ള ഡിജിറ്റൽ ഇടപാടുകൾക്കുള്ള ഒരു പ്ലാറ്റ്ഫോമായി വളർന്നു. നിലവിൽ ഭൂട്ടാൻ, കംബോഡിയ, ഫ്രാൻസ്, ഗ്രീസ്, മൗറീഷ്യസ്, മാലദ്വീപ്, നേപ്പാൾ, ഖത്തർ, സിംഗപ്പൂർ, ശ്രീലങ്ക, യുഎഇ എന്നീ 11 രാജ്യങ്ങളിൽ യുപിഐ സേവനം ലഭ്യമാണെന്ന് ധനകാര്യമന്ത്രാലയം വ്യക്തമാക്കി.